**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3938** **06-08-2021 - ൽ മറുപടിയ്ക്ക്**

**സീഫുഡ് റസ്റ്റോറന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര നിലവാരത്തിലുള്ള സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കോവളം ആഴാംകുളത്ത് ഒരു സീഫുഡ് റസ്റ്റാറൻറും വിപണന ഔട്ട് ലെറ്റും സ്ഥാപിക്കുന്നതിനായി 63.22 ലക്ഷം രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ കൊല്ലം ജില്ലയിലും ഇത്തരത്തിൽ ഒരു സീഫുഡ് റസ്റ്റാറൻറ് ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2.07 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. റസ്റ്റാറൻറ് നിർമ്മിക്കുവാൻ കൊല്ലം കോർപ്പറേഷന്റെ സ്ഥലം ലഭ്യമായാൽ ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) മുഖാന്തിരം തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 9 തീരദേശ ജില്ലകളിലായി 46 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ മത്സ്യഫെഡ് സ്റ്റാളുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/ സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടി ട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. മത്സ്യഫെഡിന്റെ 'തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്" എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് ഗുണമേൻമയോടെ എത്തിക്കുന്നതിന് "അന്തിപച്ച" എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 3-ഉം, കൊല്ലം ശക്തികുളങ്ങര കോമൺ പ്രീപ്രോസസ്സിംഗ് സെൻറർ കേന്ദ്രീകരിച്ച് 5-ഉം എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഓരോന്ന് വീതവും ഇപ്രകാരം ആകെ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന സ്ഥലമോ/കെട്ടിടമോ, അല്ലെങ്കിൽ അനുയോജ്യമായ സ്ഥല ങ്ങളിലെ സ്വകാര്യ കെട്ടിടമോ/സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. സഹകരണ ബാങ്കുകളുമായി ചേർന്നും ഈ പദ്ധതി നടത്തിവരുന്നു. |
| (സി) | മത്സ്യ വില്പനക്കാരായ വനിതകൾക്ക് സൗജന്യ ബസ് യാത്ര പദ്ധതിയാരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ഉണ്ട്. മത്സ്യവിപണനത്തിനായി പോകുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് പ്രധാന മത്സ്യവിപണന കേന്ദ്ര ങ്ങളിൽ നിന്നും സിറ്റിയിലേക്കുള്ള വിവിധ സ്ഥലങ്ങളിലേക്കും തിരിച്ചും എത്തുന്നതിനായി പ്രത്യേക സംവിധാനത്തോടും, ഡിസൈനോടും കൂടിയ "സമുദ്ര" എന്ന പേരിൽ സ്പെഷ്യൽ ബസ് സർവ്വീസുകൾ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പുമായി സംയോജിച്ച് ആരംഭിക്കുന്നതിന് 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ